**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2062** **14-10-2024 - ൽ മറുപടിയ്ക്ക്**

**മാഞ്ഞൂർ പോലീസ് സ്റ്റേഷൻ പ്രവർത്തനം സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വൈക്കം നിയോജകമണ്ഡലത്തിൽ പ്രഖ്യാപിക്കപ്പെട്ട മാഞ്ഞൂർ പോലീസ് സ്റ്റേഷനിൽ പുതുതായി എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | 04.02.2021-ലെ സ.ഉ. (കൈ) നം.31/2021/ ആഭ്യന്തരം പ്രകാരം വൈക്കം നിയോജക മണ്ഡലത്തിലെ മാഞ്ഞൂർ പോലീസ് സ്റ്റേഷനിലേക്ക് ആകെ 36 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ ഫർണിഷിങ്, ഇലക്ട്രിഫിക്കേഷൻ ജോലികൾക്കുള്ള തുക അനുവദിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | മാഞ്ഞൂർ പോലീസ് സ്റ്റേഷനു വേണ്ടി അനുവദിച്ച സ്ഥലവും, കെട്ടിടവും റവന്യൂ വകുപ്പിൽ നിന്നും പോലീസ് വകുപ്പിനു കൈമാറി ലഭിക്കുന്നതിനു വേണ്ടി 19.12.2023-ൽ കോട്ടയം ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. സ്ഥലവും, കെട്ടിടവും പോലീസ് വകുപ്പിനു കൈമാറി ലഭിച്ചാലുടൻ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള തുടർ നടപടികൾ സ്വീകരിക്കാനാവുന്നതാണ്. |
| (സി) | ഇത് സംബന്ധിച്ച് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ എന്ന വിവരം വ്യക്തമാക്കാമോ? | (സി) | (ബി) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ